ഡോ. പി.എ വികാസ്, ഡോ. ഷിനോജ് സുബ്രമണ്യൻ
ഐസിഎആർ കൃഷി വിജ്ഞാന കേന്ദ്രം-എറണാകുളം

ജനിതകഗുണം മെച്ചപ്പെടുത്തിയ കൊഞ്ചുകളുടെ കൃഷി ചെയ്യുവാൻ താല്പര്യമുള്ള കർഷകർ നിലവിൽ കുഞ്ഞുങ്ങളെ ഒഡിഷയിലുള്ള കേന്ദ്ര ശുദ്ധ ജല മൽസ്യ കൃഷി ഗവേഷണ സ്ഥാപനത്തിൽ നിന്ന് തന്നെ കൊണ്ടുവരേണ്ടതുണ്ട്.

# ജനിതക കൊഞ്ചുകളുടെ പരീക്ഷണ കൃഷി (എറണാകുളം കെ.വി.കെയുടെ അനുഭവപാഠങ്ങൾ)



കേരളത്തിൽ വളരെയധികം ആവശ്യക്കാരുള്ളതും നല്ല വില ലഭിക്കുന്നതുമായ മൽസ്യമാണ് കൊഞ്ച്. കുട്ടനാടും, വേമ്പനാട് കായൽ അനുബന്ധ മേഖലകളും ഇവയ്ക്ക് പ്രസിദ്ധമാണ്. മാക്രോബ്രാക്കിയം റോസെൻബെർഗി എന്ന ശാസ്ത്രീയ നാമത്തിൽ അറിയപ്പെടുന്ന കൊഞ്ച്, കൃഷിക്ക് അനുയോജ്യമാണെങ്കിലും വളരെ സാവകാശം മാത്രമാണ് വളരുന്നത് എന്നതിനാൽ കർഷകർക്ക് അത്ര പ്രിയപ്പെട്ടതല്ല. കൊഞ്ച് കൃഷിയെ ആകർഷകമാക്കുവാൻ ലക്ഷ്യമിട്ട് ജനിതകഗുണം മെച്ചപ്പെടുത്തിയതും (Genetically Improved) വേഗം വളരുന്നതുമായ കൊഞ്ച് ഇനം ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിനു കീഴിൽ ഒഡീഷയിലെ ഭുവനേശ്വറിൽ സ്ഥിതി ചെയ്യുന്ന കേന്ദ്ര ശുദ്ധ ജല മൽസ്യ കൃഷി ഗവേഷണ സ്ഥാപനം (ICAR-CIFA) വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ജില്ലയിലെ ജലാശയങ്ങളിൽ ഇവയുടെ വളർച്ചാ തോതും മറ്റ് സവിശേഷതകളും പഠിക്കുന്നതിനായി എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം 2022 ൽ ഇവയുടെ കുഞ്ഞുങ്ങളെ ഒറീസയിൽ നിന്നും വരുത്തി കുളങ്ങളിൽ കൃഷി ചെയ്തു നോക്കുകയുണ്ടായി. അഞ്ച് സെന്റ് വലുപ്പമുള്ള ശുദ്ധജലാശയം വൃത്തിയാക്കി ജലം മുഴുവനായും പമ്പ് ഉപയോഗിച്ച് വറ്റിച്ച് നിലവിലുള്ള എല്ലാ മീനുകളെയും ടീ സീഡ്പൊടി ഉപയോഗിച്ച് നശിപ്പിച്ച ശേഷം 20 കി ഗ്രാം കുമ്മായം വിതറി വെള്ളം നിറച്ച ശേഷം വേണ്ടത്ര ആൽഗകൾ വളരുന്നതിനായി 10 കി ഗ്രാം ഉണക്ക ചാണകവും



ഒന്നര കി ഗ്രാം കപ്പലണ്ടി പിണ്ണാക്കും ചേർത്ത ശേഷമാണ് കൊഞ്ച് കുഞ്ഞുങ്ങളെ സെന്റൊന്നിന് 100 എണ്ണം എന്ന തോതിൽ നിക്ഷേപിച്ചത്. പക്ഷികളുടെ ആക്രമണം തടയാൻ കുളത്തിന് മുകളിൽ പ്ലാസ്റ്റിക് വല വിരിക്കുകയും ചെയ്തിരുന്നു.

കുഞ്ഞുങ്ങൾക്ക് തരി രൂപത്തിലുള്ള തീറ്റ കുഴച്ച് ഒരു പാത്രത്തിലാക്കി കുളത്തിന്റെ അടിത്തട്ടിൽ ഇറക്കി വെച്ചാണ് നൽകിയത്. ഈ തീറ്റയിൽ 35 ശതമാനം മാംസ്യവും 5 ശതമാനം കൊഴുപ്പും അടങ്ങിയിരുന്നു. തുടക്കത്തിൽ പൊടി തീറ്റയും, ഒരു മാസത്തിന് ശേഷം 800 മൈക്രോൺ വലുപ്പമുള്ള തീറ്റയും രണ്ടാം മാസത്തിൽ 1.2 മിമി വലു



പ്പമുള്ള തീറ്റയും നാല് മാസം മുതൽ 2 മിമി വലുപ്പമുള്ള തീറ്റയുമാണ് ദിവസം രണ്ട് നേരം എന്ന ക്രമത്തിൽ നൽകിയത്. ഇത് കൂടാതെ കപ്പ പുഴുങ്ങിയതും ഇടക്ക് കൊടുക്കുകയുണ്ടായി. കപ്പ കൊടുക്കുന്ന ദിവസം തരി തീറ്റ ഒരു നേരം മാത്രമാണ് നൽകിയത്. 200 ഗ്രാം പുഴുങ്ങിയ കപ്പയാണ് തുടക്കത്തിൽ കൊടുത്തിരുന്നത് വളരുന്നതിന് ആനുപാതികമായി കപ്പയുടെ അളവും കൂട്ടി കൊണ്ട് വന്നു. തീറ്റ വെച്ച് 4 മണിക്കൂറിനുള്ളിൽ കഴിച്ചു തീർക്കുമെന്ന് ഉറപ്പു വരുത്തി തീറ്റ ബാക്കി വരാത്ത രീതിയിലാണ് അളവ് ക്രമപ്പെടുത്തിയിരുന്നത്.

ഇത്തരത്തിൽ ഒരു വർഷത്തെ പരിപാലനത്തിനൊടുവിൽ ആൺ കൊഞ്ചുകൾ ശരാശരി 70 ഗ്രാം വരെയും പെൺ കൊഞ്ചുകൾ ശരാശരി 50 ഗ്രാം വരെയും വളർന്നതായി കാണുവാൻ കഴിഞ്ഞു. എന്നാൽ



അതിജീവന തോത് 20 ശതമാനം മാത്രമേ കിട്ടിയുള്ളൂ. ഒഡിഷയിൽ കേന്ദ്ര ശുദ്ധജല മൽസ്യ ഗവേഷണ സ്ഥാപനം നടത്തിയ പരീക്ഷണങ്ങളിൽ 65 ശതമാനം വരെ അതിജീവന തോത് ലഭിച്ചതായി രേഖപെടുത്തിയിട്ടുണ്ട്.

കുഞ്ഞുങ്ങളെ കൊണ്ടുവന്നത് ഒഡീഷയിലെ ഹാച്ചറിയിൽ നിന്നും ആയതിനാൽ പാക്ക് ചെയ്ത് 14 മണിക്കൂറിനുശേഷമാണ് കുളങ്ങളിൽ നിക്ഷേപിക്കുവാൻ കഴിഞ്ഞത്. കുറഞ്ഞ അതിജീവന തോതിന് ഇത് ഒരു കാരണമായിരുന്നിരിയ്ക്കാം. കേരളത്തിൽ തന്നെ കുഞ്ഞുങ്ങളെ ലഭിക്കുന്ന സാഹചര്യം ഉണ്ടായാൽ ഈ പ്രശ്നം ഒഴിവാക്കാം. പ്രത്യേകം നഴ്സറികളിൽ വളർത്തി വലുതാക്കുന്ന മാർഗം കൂടി ഉണ്ടെങ്കിൽ മെച്ചപ്പെട്ട പരിപാലനം നൽകി വലുതാക്കിയ കുഞ്ഞുങ്ങളെ കുളങ്ങളിൽ നിക്ഷേപിക്കുന്ന പക്ഷം കൂടുതൽ അതിജീവന തോത് ലഭിക്കുവാൻ സാധ്യതയുണ്ട്. അങ്ങിനെയെങ്കിൽ ചിലവ് കുറഞ്ഞ നഴ്സറി പരിപാലന രീതി വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ഒപ്പം കേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ച് കൊഞ്ചുകുഞ്ഞുങ്ങളെ വലുതാക്കി കർഷകർക്ക് കൊടുക്കുവാൻ കൂടി കഴിയണം.

കേരളത്തിലെ പരമ്പരാഗത കൊഞ്ച് കർഷകരുമായി ബന്ധപ്പെട്ടപ്പോൾ 20 ശതമാനത്തിൽ താഴെ മാത്രമാണ് സാധാരണ കൊഞ്ചിനും അതിജീവന തോത് ലഭിക്കുന്നതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. കുറഞ്ഞ അതിജീവന തോതാവാം കഴിഞ്ഞ രണ്ട് ദശാബ്ദങ്ങൾക്കിടയിൽ കേരളത്തിലെ കൊഞ്ചു കൃഷി ഗണ്യമായി കുറഞ്ഞതിന് കാരണം. ഇക്കാര്യം ഗവേഷണ സ്ഥാപങ്ങളുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാര മാർഗങ്ങൾ തേടേണ്ടതുണ്ട്.

മേൽ സൂചിപ്പിച്ച പരീക്ഷണ കൃഷിയിൽ ലഭ്യമായ പെൺ കൊഞ്ചുകൾ പ്രത്യുല്പാദനത്തിന് കൂടി പാകമായിരുന്നതിനാൽ ഇവയെ വിത്തുല്പാദനത്തിനായി അഴീക്കോടുള്ള പ്രാദേശിക ചെമ്മീൻ ഹാച്ചറിയ്ക്ക് കൈമാറുകയുണ്ടായി ഇവിടെ നിന്നും കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുകയും കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ കർഷകരുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുവാനാണ് കെ വി കെ ശ്രമിയ്ക്കുന്നത്.

ജനിതകഗുണം മെച്ചപ്പെടുത്തിയ കൊഞ്ചുകളുടെ കൃഷി ചെയ്യുവാൻ താല്പര്യമുള്ള കർഷകർ നിലവിൽ കുഞ്ഞുങ്ങളെ ഒഡീഷയിലുള്ള കേന്ദ്ര ശുദ്ധ ജല മൽസ്യ കൃഷി ഗവേഷണ സ്ഥാപന (ICAR-CIFA) ത്തിൽ നിന്ന് തന്നെ കൊണ്ടുവരേണ്ടതുണ്ട്. ഒരു വർഷമെങ്കിലും നീണ്ടു നിൽക്കുന്നതിനാൽ വർഷം മുഴുവൻ ജല ലഭ്യതയുള്ള കുളങ്ങളാണ് ഇവയുടെ കൃഷിയ്ക്കായി തിരഞ്ഞെടുക്കേണ്ടത്. സ്വാഭാവിക കുളങ്ങളാണ് അഭികാമ്യം. കെ വി കെ യുടെ പരീക്ഷണ കൃഷിയിൽ ലഭിച്ചതുപോലെ അതിജീവന തോത് വളരെ കുറവാണെങ്കിൽ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി ലാഭകരമായിരിയ്ക്കില്ല എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം കൃഷി വിജ്ഞാന കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ് (0484 2972450).